പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 127** **7/08/2017 ൽ മറുപടിയ്ക്ക്**

**സ്വകാര്യ മെഡിക്കൽ കോളേജുകളുടെ അംഗീകാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. റോജി. എം. ജോൺ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിക്കാനായി ചില രാഷ്ട്രീയ നേതാക്കൾ 5 കോടിയിലധികം രൂപ കൈക്കൂലി കൈപ്പറ്റി എന്ന ആക്ഷേപത്തിന്മേൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത ആരോപണം അന്വേഷിക്കുന്നതെന്ന് അറിയിക്കാമോ; | (എ) & (ബി) | അന്വേഷണം ആരംഭിച്ചിട്ടുണ്ട് .തിരുവനന്തപുരം ജില്ലയിൽ വർക്കല എസ്.ആർ എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരത്തിനായി ശ്രീ.ആർ.എസ് വിനോദിന് കൈക്കൂലി നൽകിയത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് ഇപ്പോൾ പുറത്ത് വന്നിട്ടുള്ള വാർത്തകൾ അഴിമതിയുടെ ഒരു ചെറിയ ഭാഗം മാത്രമാണ് വെളിവാക്കുന്നതെന്നും കോടികളാണ് ഈ മേഖലയിൽ കൈക്കൂലിയായി കൈമറിഞ്ഞതെന്നും കരുതുന്നുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം കോടതിയുടെ മേൽനോട്ടത്തിൽ നടത്തുന്നതിന് ആവശ്യപ്പെടുമോ? | | |

Rashmi

**സെക്ഷൻ ഓഫീസർ**